# കോളേജ് വിദ്യാഭ്യാസ വകുപ്പ്

*വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം-695033*

## ആസ്പയർ സ്കോളർഷിപ്പ് പദ്ധതി 2017-18

**അപേക്ഷകൾ ക്ഷണിക്കുന്നു.** (www.dcescholarship.kerala.gov.in)

**2017-18 അക്കാദമിക് വർഷം രണ്ടാംവർഷ ബിരുദാനന്തരബിരുദ, എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികൾക്ക് മികച്ച ഗവേഷണ കേന്ദ്രങ്ങളിൽ പ്രോജക്റ്റ്/ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള സ്കോളർഷിപ്പ് നൽകുന്നു.**

### അപേക്ഷകർ ചെയ്യേണ്ടത്

- അപേക്ഷകർ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ നേരിട്ട് രജിസ്റ്റർ ചെയ്യുക. (www.dcescholarship.kerala.gov.in) വെബ്സൈറ്റിൽ ലഭ്യമാകുന്ന ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി ഓൺലൈനായി അപേക്ഷ സമർപ്പിക്കുക.
- സമർപ്പിച്ച അപേക്ഷയുടെ കോപ്പിയെടുത്ത്, ഫോട്ടോ ഒട്ടിച്ച്, നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളോടൊപ്പം പഠിക്കുന്ന സ്ഥാപനമേലധികാരിക്ക് സമർപ്പിക്കുക.
- തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.
- കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന താൽക്കാലിക സെലക്ഷൻ ലിസ്റ്റ് പരിശോധിക്കുക.
- പരാതികൾ ഉണ്ടെങ്കിൽ ആയവ നിർദ്ദിഷ്ട സമയത്തിനകം സമർപ്പിക്കുക.

### ❖ ആർക്കെല്ലാം അപേക്ഷിക്കാം

സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് വിഷയങ്ങളിൽ കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് &സയൻസ് കോളേജുകളിലോ, യൂണിവേഴ്സിറ്റി പഠനവിഭാഗങ്ങളിലോ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന രണ്ടാംവർഷ ബിരുദാനന്തര ബിരുദവിദ്യാർത്ഥികൾക്കും, എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.

> Student Online Rregistration ൽ നം,5 (Details of Present Institution & Course)ൽ സ്ഥാപനത്തിൽ നടത്തുന്ന Course Type ഉം Course ഉം വിട്ടുപോയിട്ടുണ്ടെങ്കിൽ (ഉദാ.PG,Mphil,PhD) ഫെബ്രുവരി 1, 2018 നകം സ്ഥാപനമേധാവികൾ ഉൾപ്പെടുത്തേണ്ടതാണ്

അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ സ്ഥാപനത്തിലെ മേധാവിയിൽ നിന്നും വാങ്ങിയ No Objection Certificate ഉം പ്രോജക്ട്/ ഇന്റേൺഷിപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിലെ അദ്ധ്യാപകനിൽ നിന്നും ലഭിച്ച സമ്മതപത്രവും സമർപ്പിക്കേണ്ടതാണ്.

### ❖ മിനിമം യോഗ്യതാ മാനദണ്ഡം

ബിരുദം/ ബിരുദാനന്തര കോഴ്സുകൾക്ക് 55 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം

ഒന്നാംഅദ്ധ്യായന വർഷത്തിൽ 75 ശതമാനത്തിൽ കുറയാത്ത ഹാജർനില.

**ഗവേഷണ സ്ഥാപനങ്ങൾ-**

(www.dcescholarship.kerala.gov.in)വെബ്സൈറ്റിൽ ആസ്പയർ ലിങ്കിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിച്ച് സർവ്വകലാശാല അംഗീകൃത റിസർച്ച് ഗൈഡ്മാരുടെ കീഴിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ്/പ്രോജക്റ്റ് ചെയ്യാവുന്നതാണ്.

**സ്കോളർഷിപ്പ് വിതരണം**

സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിദഗ്ദരടങ്ങിയ പാനൽ പരിശോധിച്ച് തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റ് രണ്ടാഴ്ച്ചക്കകം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.dcescholarship.kerala.gov.in) പ്രസിദ്ധീകരിക്കുകയും, അർഹരായവരെ ഇ-മെയിലിലൂടെയും എസ്.എം.എസ് ലൂടെയും അറിയിക്കുകയും, സ്കോളർഷിപ്പ് തുക അർഹരായവർക്ക് ബാങ്ക് വഴി കൈമാറുകയും ചെയ്യും.

**ബിരുദാനന്തര ബിരുദം (1മാസം)/**
**എം.ഫിൽ (2 മാസം) /**
**പി.എച്ച്.ഡി (4 മാസം)**

കേരളത്തിനകത്ത്- പ്രതിമാസം 8000/-രൂപയും കേരളത്തിന് പുറത്ത് പ്രതിമാസം 10,000രൂപയും

**അപേക്ഷ ഓൺലൈനായി സമർപ്പിക്കാനുള്ള സമയം 2018 ഫെബ്രുവരി 1 മുതൽ 18 വരെ**

**ഫോൺ നമ്പർ- 0471-2306580,**

**Mob:9446096580, 9446780308**

(രാവിലെ 10 മണിമുതൽ 5 വരെ)

**Email.dceaspire2018@gmail.com,**
**dcescholarship@gmail.com** അന്വേഷണങ്ങൾ ഇ-മെയിൽ മുഖാന്തിരവും അയക്കാവുന്നതാണ്.

30/01/2018

ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്